**പതിനാലാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.978 06.06.2018 ന് മറുപടിയ്ക്ക്.

**<u>മനുഷ്യ- വന്യജീവി സംഘർഷം</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ.സി.ദിവാകരൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>• വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.<br>• വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.<br>• പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>• സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.<br>• പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.<br>• വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.<br>• വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ |

നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

- വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
- ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.
- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

| | |
|---|---|
| (ബി) ഇതിന്റെ ഭാഗമായി ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ എത്തിയാൽ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് എസ്.എം.എസ്. വഴി മുന്നറിയിപ്പ് നൽകുന്ന സംവിധാനം ഏർപ്പെടുത്തി-യിട്ടുണ്ടോ, ഉണ്ടെങ്കിൽ എവിടെ-യെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) ജനവാസമേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേക്ക് എസ്.എം.എസ് മുഖാന്തിരം അറിയിപ്പു നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

1. **ആറളം കൺട്രോൾ റൂം**

| വനം ഡിവിഷൻ | വനം റെയിഞ്ച് | ലൊക്കേഷനുകൾ (എണ്ണം) |
|---|---|---|
| ആറളം വൈൽഡ് ലൈഫ് | ആറളം | 4 |
| കണ്ണൂർ | കൊട്ടിയൂർ | 1 |
| കോഴിക്കോട് | താമരശ്ശേരി | 1 |

2. **സുൽത്താൻ ബത്തരി കൺട്രോൾ റൂം**

| വനം ഡിവിഷൻ | വനം റെയിഞ്ച് | ലൊക്കേഷനുകൾ (എണ്ണം) |
|---|---|---|
| വയനാട് വൈൽഡ് ലൈഫ് | മുത്തങ്ങ | 2 |
| വയനാട് വൈൽഡ് ലൈഫ് | കുറിച്യാട്ട് | 3 |
| വയനാട് വൈൽഡ് ലൈഫ് | തോൽപ്പെട്ടി | 1 |
| വയനാട് വൈൽഡ് ലൈഫ് | സുൽത്താൻ ബത്തേരി | 1 |
| വയനാട് സൗത്ത് | ചെതലയം | 3 |
| വയനാട് സൗത്ത് | കല്പറ്റ | 4 |
| വയനാട് സൗത്ത് | മേപ്പാടി | 4 |
| വയനാട് നോർത്ത് | ബേഗൂർ | 3 |

3. **കൺട്രോൾ റൂം, മണ്ണാർക്കാട്**

| വനം ഡിവിഷൻ | വനം റെയിഞ്ച് | ലൊക്കേഷനുകൾ (എണ്ണം) |
|---|---|---|
| നിലമ്പൂർ സൗത്ത് | കാളികാവ് | 1 |
| മണ്ണാർക്കാട് | മണ്ണാർക്കാട് | 2 |
| മണ്ണാർക്കാട് | അഗളി | 1 |
| പാലക്കാട് | വാളയാർ | 4 |
| സൈലന്റ് വാലി നാഷണൽ പാർക്ക് | സൈലന്റ് വാലിനാഷണൽ പാർക്ക് | 3 |

4. **കൺട്രോൾ റൂം, മലയാറ്റൂർ**

| വനം ഡിവിഷൻ | വനം റെയിഞ്ച് | ലൊക്കേഷനുകൾ (എണ്ണം) |
|---|---|---|
| മലയാറ്റൂർ | കോടനാട് | 1 |

| | | |
|---|---|---|
| മലയാറ്റൂർ | ഇണ്ടത്തിൽ | 1 |

5. **കൺട്രോൾ റൂം, മൂന്നാർ വൈൽഡ് ലൈഫ്**

| വനം ഡിവിഷൻ | വനം റെയിഞ്ച് | ലൊക്കേഷനുകൾ (എണ്ണം) |
|---|---|---|
| മാങ്കുളം | ആനക്കുളം | 1 |
| മൂന്നാർ | ദേവികുളം | 6 |
| മറയൂർ | മറയൂർ | 1 |
| മറയൂർ | കാന്തല്ലൂർ | 2 |

6. **കൺട്രോൾ റൂം, പുനലൂർ**

| വനം ഡിവിഷൻ | വനം റെയിഞ്ച് | ലൊക്കേഷനുകൾ (എണ്ണം) |
|---|---|---|
| തിരുവനന്തപുരം വൈൽഡ് ലൈഫ് | നെയ്യാർ | 1 |
| | പേപ്പാറ | 1 |
| | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 1 |
| തിരുവനന്തപുരം ഡിവിഷൻ | പാലോട് | 1 |
| | പരുത്തിപ്പള്ളി | 1 |
| | കുളത്തൂപ്പുഴ | 2 |
| ശെന്തുരുണി വൈൽഡ് ലൈഫ് | ശെന്തുരുണി | 2 |
| പുനലൂർ | അഞ്ചൽ | 2 |
| | പത്തനാപുരം | 3 |
| തെന്മല | തെന്മല | 1 |
| **ആകെ ലൊക്കേഷനുകൾ** | | **65** |

സെക്ഷൻ ഓഫീസർ